**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6063** **19/11/2019 ൽ മറുപടിക്ക്**

**മലബാർ ദേവസ്വം ബോർഡിലെ തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായതിനുശേഷം ആദ്യഘട്ടത്തിൽ എത്ര തസ്തികകളായിരുന്നു ഉണ്ടായിരുന്നത്; | (എ) | ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കി 02/10/2008 ന് മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായപ്പോൾ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിൽ ഉണ്ടായിരുന്ന 128 തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പരിഗണിച്ച് ഒരു പ്രത്യേക വിഭാഗമായി മലബാർ ദേവസ്വം ബോർഡിൽ നിലനിർത്തിയിരുന്നു. |
| (ബി) | രൂപീകൃതമായതിനുശേഷം കൂടുതൽ തസ്തികൾ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചത്; വിശദമാക്കാമോ; | (ബി) | ഉണ്ട്. 25.10.2019-ലെ സ.ഉ(കൈ)322/2019/റവ പ്രകാരം ആകെ 21 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | വളരെ കുറഞ്ഞ ജീവനക്കാരുടെ എണ്ണം കൊണ്ട് 1600 നടുത്ത് ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങൾ, ക്ഷേത്ര ജീവനക്കാരുടെ കാര്യങ്ങൾ എന്നിവ സമയബന്ധിതമായി നടത്താൻ കഴിയാതെപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25.10.2019-ലെ സ.ഉ (കൈ) 322/2019/റവ പ്രകാരം ക്ലാർക്ക് -15, വാച്ചമാൻ-1, ഗോൾഡ്സ്മിത്ത്-1, ഡ്രൈവർ-4, എന്നിങ്ങനെ ആകെ 21 തസ്തികകൾ മലബാർ ദേവസ്വം ബോർഡിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | കൂടുതൽ ജീവനക്കാരെ നിയമിച്ച് മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ നടപടികൾ കൈക്കൊള്ളുമോ, വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ